(ബി) 17 വർഷമായി ഗ്രാമപഞ്ചായത്തുകളുടെ കീഴിൽ പ്രവർത്തിക്കുന്ന ബഡ്സ് സ്കൂളുകൾ ഇപ്പോൾ ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളായി സാമൂഹ്യ നീതി വകുപ്പിൽ രജിസ്റ്റർ ചെയ്യുന്ന സാഹചര്യത്തിൽ പ്രസ്തുത സെന്ററുകളിലെ ടീച്ചർമാർക്ക് സീനിയോറിറ്റിയും യോഗ്യതയും കണക്കിലെടുത്ത് നിയമാനുസൃതമായ ശമ്പളം/അലവൻസ്/ഓണറേറിയം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇവരിൽ യോഗ്യതയുള്ള ടീച്ചർമാരെ പഞ്ചായത്തുകളിലെ ശിശു വിഹാർ ജീവനക്കാരെ സ്ഥിരപ്പെടുത്തിയതു പോലെ സ്ഥിര നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ബഡ്സ് സ്കൂളുകളുടെയും ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളുടെയും പ്രവർത്തനങ്ങൾ വ്യത്യസ്തമായതിനാൽ എല്ലാ ഉത്തരവുകളും ബാധകമാക്കുന്നത് പ്രായോഗികമല്ല.

(ബി&സി) ഇപ്പോൾ പരിഗണനയിലില്ല.

ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളിലെ ഓണറേറിയം

302(1681) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളിൽ ജോലി ചെയ്യുവരുന്ന വർക്കർമാർക്കും ആയ-കം-കുക്കുമാർക്കും ലഭ്യമാകുന്ന ഓണറേറിയം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ;

(ബി) വളരെയേറെ ജോലിഭാരമുള്ള ഇവർക്ക് ലഭിക്കുന്ന ഓണറേറിയം തീരെ കുറവാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഓണറേറിയം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

ഉത്തരം

(എ) നിലവിൽ ബി.ആർ.സി.യിലെ വർക്കർമാർക്കും ആയമാർക്കും പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ സ.ഉ.(എംഎസ്.)നമ്പർ 4/2016/ത.സ്വ.ഭ.വ. തീയതി 11-1-2016 അനുബന്ധം 15 ഖണ്ഡിക 5.9, 5.10 പ്രകാരം 5,600 മുതൽ 7,000 രൂപ വരെ യോഗ്യതയ്ക്കനുസരിച്ചും, ആയ-കം-കുക്കിന് 3,600 രൂപയും നൽകിവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly